# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടി ക്രമങ്ങൾ.

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ് - ഐ.സി.ഡി.എസ്സ്. ട്രെയിനിംഗ് പ്രോഗ്രാം - അംഗൻവാടി പ്രവർത്തകർക്കുള്ള പരിശീലന പരിപാടി - 2011 ഏപ്രിൽ മുതൽ 2011 ജൂലൈ വരെയുള്ള ട്രെയിനിംഗ് കലണ്ടർ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: കേന്ദ്ര സർക്കാരിന്റെ 18-1-11 ലെ 15-1/2011-TR - ൦൦ നമ്പർ കത്ത്.

## ഉത്തരവ് നമ്പർ ഐ.സി.ഡി.എസ്സ്. എ4 - 13194/11 തീയതി 20-4-11

സംസ്ഥാനത്തെ വിവിധ ഐ.സി.ഡി.എസ്സ് പ്രോജക്ടുകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന അംഗൻവാടി പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിലേയ്ക്കായി 2011 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള കാലയളവിലെ ട്രെയിനിംഗ് കലണ്ടർ അംഗീകരിച്ച് ഇതോടൊന്നിച്ച് പ്രസിദ്ധീകരിക്കുന്നു. ശിശു വികസന പദ്ധതി ഓഫീസർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ തല ഐ.സി.ഡി.എസ്സ് സെൽ പ്രോഗ്രാം ഓഫീസർമാർ തയ്യാറാക്കി അയച്ചുതന്നിട്ടുള്ള ആവശ്യകത പരിഗണിച്ചാണ് ഈ കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്. ആകയാൽ കലണ്ടർ പ്രകാരം അംഗൻവാടി പ്രവർത്തകരെ പരിശീലനത്തിന് നിയോഗിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കാണ്.

ജില്ലയിലെ ശിശു വികസന പദ്ധതി ഓഫീസർമാർ ഈ കലണ്ടർ പ്രകാരം അംഗൻവാടി പ്രവർത്തകരെ ബന്ധപ്പെട്ട പരിശീലന കേന്ദ്രങ്ങളിൽ യഥാസമയം പരിശീലനത്തിനായി നിയോഗിക്കുന്നുണ്ടെന്ന് ജില്ലാ തല പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിലേയ്ക്കായി ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരുടെ അറിവിലേയ്ക്കായി പുറപ്പെടുവിക്കുന്നു.

1. ട്രെയിനിംഗ് കലണ്ടർ ലഭിച്ചാലുടൻ തന്നെ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ സൂപ്പർവൈസർമാരുമായി ചർച്ച ചെയ്ത് കലണ്ടർ പ്രകാരം അംഗൻവാടി പ്രവർത്തകരെ ട്രെയിനിംഗിന് നിയോഗിക്കുവാൻ കഴിയുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. ഇനി മുതൽ അംഗൻവാടി പ്രവർത്തകരുടെ പ്രതിമാസ പ്രോജക്ട് ലെവൽ മീറ്റിംഗിലെ അജണ്ടയിലെ ഒരിനം ട്രെയിനിംഗ് ആയിരിക്കണം. ഈ അജണ്ട ചർച്ച ചെയ്യുന്നതോടൊപ്പം പിറ്റേമാസം ട്രെയിനിംഗിന് നിയോഗിക്കേണ്ടവരെ പ്രോജക്ട് ലെവൽ മീറ്റിംഗിൽ വച്ചു തന്നെ മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്. ഇപ്രകാരം നിശ്ചയിച്ചവരെ യഥാസമയം ട്രെയിനിംഗിന് നിയോഗിച്ച് ശിശു വികസന പദ്ധതി ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അവർ പരിശീലനത്തിൽ പങ്കെടുക്കുമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
3. കലണ്ടർ പ്രകാരം പ്രവർത്തകരെ ട്രെയിനിംഗിന് നിയോഗിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ശിശു വികസന പദ്ധതി ഓഫീസർമാർ കലണ്ടർ ലഭിച്ചാലുടൻ തന്നെ

കാര്യകാരണ സഹിതം രേഖാമൂലം ജില്ലാ തല പ്രോഗ്രാം ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. ജില്ലയിൽ നടക്കുന്ന പ്രതിമാസ റിവ്യൂ മീറ്റിംഗിലേയും അജണ്ടയിലെ ഒരിനം ട്രെയിനിംഗ് ആയിരിക്കണം. ഈ അജണ്ട ചർച്ച ചെയ്യുന്നതോടൊപ്പം കലണ്ടർ പ്രകാരം അംഗൻവാടി പ്രവർത്തകരെ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ നിയോഗിക്കുമെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

5. മാർഗ്ഗനിർദ്ദേശം 3 ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഏതെങ്കിലും ശിശു വികസന പദ്ധതി ഓഫീസറിൽ നിന്നും റിപ്പോർട്ടു ലഭിക്കുകയാണെങ്കിൽ അത്രയും പേരെ ജില്ലയിലെ മറ്റ് പ്രോജക്ടുകളിൽ നിന്നും നിയോഗിക്കുവാനുള്ള നടപടി ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസറുടെ കത്തിന്റെ പകർപ്പും കത്തിന്മേലുള്ള അഭിപ്രായവും സഹിതം പ്രോഗ്രാം ഓഫീസർ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്.

ജില്ലയിൽ നിന്നും പകരം ആളെ നിയോഗിക്കുവാൻ കഴിയാതെ വന്നാൽ മറ്റ് ജില്ലകളിൽ നിന്നും പ്രവർത്തകരെ നിയോഗിക്കുന്നതിലേയ്ക്കായി അക്കാര്യം മേൽ വിവരിച്ച റിപ്പോർട്ടുകൾ സഹിതം മുൻകൂട്ടി ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർ സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലേയ്ക്ക് സ്പീഡ് പോസ്റ്റ് മുഖാന്തിരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

6. ചില ശിശു വികസന പദ്ധതി ഓഫീസർമാർ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടവരെ യഥാസമയം നിയോഗിക്കാതെ ട്രെയിനിംഗ് ആരംഭിക്കുന്നതിന് തലേ ദിവസം ഫോണിൽ കൂടി പിറ്റേ ദിവസം ആരംഭിക്കുന്ന ട്രെയിനിംഗിൽ പങ്കെടുക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വനിതകളായ അംഗൻവാടി പ്രവർത്തകർക്ക് ഇത് വളരെയേറെ ബുദ്ധിമുട്ടും മാനസിക ക്ലേശങ്ങളും ഉണ്ടാക്കുന്നതോടൊപ്പം ട്രെയിനിംഗ് ആരംഭിച്ച് ഒന്നും രണ്ടും ദിവസങ്ങൾക്കു ശേഷവും പരിശീലകരെ പ്രവേശിപ്പിക്കേണ്ട അവസ്ഥ ട്രെയിനിംഗ് സെന്ററുകൾക്കുണ്ടാകുന്നു. ഇത്തരം പ്രവണതകൾ യാതൊരു കാരണവശാലും അനുവദിക്കുവാൻ കഴിയുകയില്ല. ട്രെയിനിംഗിൽ പങ്കെടുക്കേണ്ടവരെ ട്രെയിനിംഗിന് നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് ഒരാഴ്ചയ്ക്കു മുമ്പെങ്കിലും ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

7. വ്യക്തമായ കാരണങ്ങളാൽ ഒരു ബാച്ചിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കുകയാണെ ങ്കിൽ ടിയാൾ അടുത്ത ബാച്ചിൽ പങ്കെടുക്കുമെന്ന് ശിശു വികസന പദ്ധതി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. ടിയാളിൽ നിന്നും ഇതിലേയ്ക്കായി എഴുതി വാങ്ങുന്ന അപേക്ഷയിൽ അടുത്ത ബാച്ച് ട്രെയിനിംഗിൽ പങ്കെടുത്തുകൊള്ളാമെന്നുള്ള സമ്മതവും ഉറപ്പും ഉണ്ടായിരിക്കേണ്ടതാണ്.

8. ക്രമ നമ്പർ 7 പ്രകാരം ഒഴിവാക്കുന്നവർക്ക് പകരം മറ്റ് പ്രവർത്തകരെ ട്രെയിനിംഗിന് ശിശു വികസന പദ്ധതി ഓഫീസർ നിയോഗിക്കേണ്ടതാണ്.
9. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും ട്രെയിനിംഗ് കലണ്ടർ പ്രകാരമുള്ള പരിശീലകരെ പരിശീലനത്തിന് നിയോഗിക്കാതിരിക്കുന്നതുമൂലവും ട്രെയിനിംഗ് സെന്ററുകളിൽ പരിശീലകർ കുറവുണ്ടാകുന്ന അവസ്ഥ ഉണ്ടായാൽ ഉത്തരവാദികളായ ശിശു വികസന പദ്ധതി ഓഫീസറുടെ/പ്രോഗ്രാം ഓഫീസറുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം, സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടവും ടിയാളിൽ നിന്നും ഈടാക്കുന്നതാണ്.
10. ഐ.സി.ഡി.എസ്സ് പ്രവർത്തകരെ ട്രെയിനിംഗിന് നിയോഗിച്ചുകൊണ്ട് ശിശു വികസന പദ്ധതി ഓഫീസർമാർ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് നിർബന്ധമായും ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും ഡയറക്ടർക്കും അയച്ചുതരേണ്ടതാണ്.
11. അംഗൻവാടി വർക്കർ/ഹെൽപ്പർമാരെ ട്രെയിനിംഗിന് നിയോഗിക്കുമ്പോൾ അവർക്ക് ട്രെയിനിംഗ് സെന്ററുകളിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളും ആയതിന്റെ തുകയും വിടുതൽ ഉത്തരവിൽ സി.ഡി.പി.ഒ. മാർ വ്യക്തമായി കാണിച്ചിരിക്കണം.
12. ജില്ലയിൽ നിന്നും ട്രെയിനിംഗിന് നിയോഗിക്കുന്നവരെ സംബന്ധിച്ചുള്ള പ്രതിമാസ റിപ്പോർട്ട് ഇനി മുതൽ എല്ലാ മാസവും പ്രോഗ്രാം ഓഫീസർമാർ ചുവടെ വിവരിക്കുന്ന പ്രൊഫോർമയിൽ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.

**<u>ഐ.സി.ഡി.എസ്സ്. ട്രെയിനിംഗ് - പ്രതിമാസ റിപ്പോർട്ട്</u>**

**ജില്ല** **മാസം**

| ക്രനം | ട്രെയിനിംഗിന്റെ പേര് | കാലയളയവ് | ട്രെയിനിംഗ് കലണ്ടർ പ്രകാരം നിയോഗിക്കേണ്ടവരുടെ വിവരം | | നിയോഗിച്ചവരുടെ വിവരം | | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | ICDS ന്റെ പേര് | എണ്ണം | ICDS ന്റെ പേര് | എണ്ണം | |
| | | | | | | | |

ഒപ്പ്
പ്രോഗ്രാം ഓഫീസർ

സീൽ

13.

(i) ജില്ലയിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സെന്ററുകൾ എല്ലാ മാസവും ബന്ധപ്പെട്ട ജില്ലാതല പ്രോഗ്രാം ഓഫീസർമാർ സന്ദർശിച്ച് താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(a) ട്രെയിനിംഗ് പൂർത്തിയാക്കിയ ട്രെയിനികൾക്ക് യഥാസമയം യാത്രാബത്തയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടോയെന്ന്

(b) ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ളതും ഹോണറേറിയം കൈപ്പറ്റിവരുന്നതുമായ ജീവനക്കാർ ടി സ്ഥാപനത്തിൽത്തന്നെ ജോലി നോക്കി വരുന്നുണ്ടോ എന്ന്

(c) ജീവനക്കാരുടെ ഹാജർ പുസ്തകവും മറ്റ് രജിസ്റ്ററുകളും പരിശോധിച്ച് ഓരോ ട്രെയിനിംഗ് സെന്ററിലേയും സ്റ്റാഫിന്റെ വിവരവും പ്രോഗ്രാം ഓഫീസറുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

14. ഈ ഉത്തരവിന്റെ കൈപ്പറ്റ് രസീത് അയച്ചുതരേണ്ടതാണ്.

**(ഒപ്പ്)**

**സാമൂഹ്യക്ഷേമ ഡയറക്ടർ**

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ്:

1. ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശു ക്ഷേമ സമിതി, തിരുവനന്തപുരം
2. ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പൽമാർക്ക്

**ഉത്തരവിൻ പ്രകാരം**

**പ്രോഗ്രാം ഓഫീസർ**

**Rs**